## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 577

12.06.2012 ൽ
മറുപടിക്ക്

### പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(ബഹു: വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായവകുപ്പിൻ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും നഷ്ടം ഒഴിവാക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) വ്യവസായവകുപ്പിൻ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) മുൻസർക്കാർ അധികാരം ഒഴിയുമ്പോൾ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നതെന്ന് അറിയിക്കുമോ ; | (ബി) 17 പൊതുമേഖലാ സ്ഥാപനങ്ങൾ |
| (സി) നിലവിൽ പ്രസ്തുത സ്ഥാപനങ്ങളുടെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ? | (സി) എല്ലാ സ്ഥാപനങ്ങളുടെയും ആഡിറ്റുകൾ പൂർത്തിയായാൽ മാത്രമെ യഥാർത്ഥത്തിലുള്ള ലാഭ-നഷ്ട കണക്കുകൾ വ്യക്തമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനികവൽക്കരണ പദ്ധതികൾക്കുമായി 2012-13 സാമ്പത്തിക വർഷത്തിൽ 70.20 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുകയും അതിൽ നിന്നും തുക അനുവദിച്ചു വരുന്നു.

ടെക്സ്റ്റൈൽ മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിനായി 60 കോടിരൂപയുടെ പ്രത്യേക പാക്കേജ് ആവിഷ്ക്കരിച്ചു വരുന്നു.

സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഇന്റർനെറ്റ് അധിഷ്ടിത വെബ്പോർട്ടൽ RIAB- ൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദൈനംദിന മോണിട്ടറിംഗ് സംവിധാനം (Daily Monitoring System), മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം (Monthly Monitoring System) എന്നിവ ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിക്കഴിഞ്ഞു.

വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ RIAB- മുഖേനയും, കമ്പനിതലത്തിലും നടപ്പിലാക്കിവരുന്നു.

കൃത്യമായ വരവ് ചെലവ് കണക്കുകൾ അടിസ്ഥാനമാക്കുന്നതിനും ഉദ്യോഗസ്ഥരെ കൂടുതൽ ഉത്തരവാദിത്തമുള്ളവരാക്കുന്നതിനും വേണ്ടി കേന്ദ്ര പൊതുമേഖലയിൽ നടപ്പിലാക്കി വരുന്ന MoU- സംവിധാനം നടപ്പിൽ വരുത്തുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ലാഭകരമാക്കുന്നതിനും കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലും യോഗ്യതയും പരിചയസമ്പത്തും ഉള്ളവരെ ഉൾപ്പെടുത്താനും ഉദ്ദേശിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസ് ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിന് ഇലക്ട്രോണിക് പ്രൊക്യൂർ മെന്റ് സംവിധാനം 2012-13 ൽ തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ യഥാസമയം ക്രോഡീകരിച്ച് ഒരു സാമ്പത്തിക വർഷം കഴിഞ്ഞാലുടൻ ആഡിറ്റ് പൂർത്തിയാക്കാൻ വേണ്ടിയുള്ള ഇലക്ട്രോണിക്സ് സംവിധാനം (ERP) നടപ്പിലാക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളോട് ഉൽപ്പാദന സൗകര്യങ്ങൾ നവീകരിക്കുന്നതിനുള്ള വ്യക്തമായ പദ്ധതികൾ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മാർക്കറ്റ് സർവേയുടെ അടിസ്ഥാനത്തിൽ വിപണി വിപുലപ്പെടുത്തുവാനുള്ള പദ്ധതികൾ നൽകുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

ഇതു കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്ന തിനായി സർക്കാരിന്റെ ഒരു വർഷത്തെ കർമ്മപരിപാടികളിലുൾപ്പെടുത്തിയും പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ